സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 4 വ്യാഴം
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ഗുസ്തിതാരങ്ങളും പോലിസും തമ്മിൽ സംഘർഷം

## ജന്തർമന്തറിലേക്കുള്ള വഴികൾ തടഞ്ഞു



കഴിഞ്ഞ ദിവസം രാത്രി ജന്തർ മന്തറിൽ ഗുസ്തിതാരങ്ങളും പോലിസും തമ്മിൽ ഏറ്റുമുട്ടിയപ്പോൾ

ന്യൂഡൽഹി: ജന്തർ മന്തറിൽ സമരം ചെയ്യുന്ന ഗുസ്തി താരങ്ങളും പോലിസും തമ്മിലുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ജന്തർ മന്തറിൽ പോലിസ് സുരക്ഷാ വിന്യാസം ശക്തമാക്കി. മദ്യപിച്ചെത്തിയ പോലിസുകാർ തങ്ങളെ ആക്രമിച്ചുവെന്ന് സമരക്കാർ ആരോപിച്ചു. പോലിസുകാർ മർദ്ദിച്ചു, വനിതാ ഗുസ്തി താരങ്ങളോട് മോശമായി പെരുമാറി എന്നിങ്ങനെയുള്ള ഗുരുതര ആരോപണങ്ങൾ താരങ്ങൾ പോലിസിനെതിരെ ഉയർത്തി. പകൽ പെയ്ത മഴയിൽ സമരവേദിയിലെ കിടക്കകൾ നശിച്ചിരുന്നു. ഇത് എത്തിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ് സംഘർഷത്തിൽ കലാശിച്ചത്. ജന്തർ മന്തറിലേക്കുള്ള എല്ലാ വഴികളും പൊലീസ് ബാരിക്കേട് വെച്ച് തടഞ്ഞു. ഗുസ്തി താരങ്ങൾ സമരം ചെയ്യുന്ന വേദിയിലേക്ക് മാധ്യമങ്ങൾക്കും പ്രവേശനമില്ലായെന്ന് പോലിസ് പറഞ്ഞു. പിന്തുണയ്ക്കുന്ന എല്ലാവരോടും സമരപന്തലിൽ എത്താൻ താരങ്ങൾ ആഹ്വാനം ചെയ്തു. ഇനിയും നടപടികൾ നീളുകയാണെങ്കിൽ എല്ലാ താരങ്ങളും നേടിയ മെഡലുകൾ രാഷ്ട്രപതിക്ക് തിരിച്ചു നൽകി കളി നിർത്തും എന്നും സമരക്കാർ പറഞ്ഞു. കൂടുതൽ സംഘടനകൾ ഇന്ന് പിന്തുണയുമായി ജന്തർ മന്തറിൽ എത്തും.സംഘർഷത്തിൽ നിരവധി താരങ്ങളുടെ തലയിൽ ഇടിയേൽക്കുകയും രണ്ട് പേർക്ക് പരുക്കേൽക്കുകയും ചെയ്തു. ബോധരഹിതനായി വീണ ഒരാളെ ആശുപത്രിയിൽ എത്തിച്ചു. അതിക്രമം എന്തിനെന്ന് പോലിസ് മറുപടി പറയണമെന്ന് ബജ്റംഗ് പൂനിയ മാധ്യമങ്ങളോട് പറഞ്ഞു. വനിതാ താരങ്ങളോട് അടക്കം മോശമായി പെരുമാറി. നനഞ്ഞ കിടക്ക മാറ്റുന്നതിന് എതിരെയാണ് പോലിസ് നടപടിയുണ്ടായത്. രണ്ടുപേർ പരുക്കേറ്റ് ആശുപത്രിയിലാണ്. സമരം ശക്തമായി തുടരും. ഇന്ന് നേതാക്കളുമായി കൂടിയാലോചന നടത്തുമെന്നും ബജ്റംഗ് പൂനിയ പറഞ്ഞു. ആംആദ്മി പാർട്ടി നേതാക്കൾ ഇന്നലെ രാത്രിയോടെ താരങ്ങൾക്ക് കിടക്കകൾ വിതരണം ചെയ്യാൻ രാത്രി എത്തിയത് പോലിസ് തടഞ്ഞതോടെയാണ് ഉന്തും തള്ളും ഉണ്ടായത്. അതേസമയം ആരോപണം നിഷേധിച്ച പോലിസ് സംഘർഷത്തിന് തുടക്കമിട്ടത് പ്രതിഷേധക്കാരാണെന്നും ആരോപിച്ചു.ആംആദ്മി പാർട്ടിയാണ് സമരക്കാർക്ക് കിടക്കകളുമായി എത്തിയത്. എന്നാൽ ആറ് മണിക്ക് ശേഷം ജന്തർമന്തറിലേക്ക് പുറത്ത് നിന്നും ആളുകൾക്ക് പ്രവേശനമില്ല. നേതാക്കൾ കടന്നത് ചോദ്യം ചെയ്തതോടെയാണ് സംഘർഷം ഉടലെടുത്തത്. ജന്തർ മന്തറിലേക്ക് അനുമതിയില്ലാതെ സോമനാഥ് ഭാരതി കിടക്കകളുമായി എത്തിയെന്നും ഇവ ട്രക്കിൽ നിന്ന് പുറത്തെടുക്കാനുള്ള ശ്രമത്തിനിടെ പ്രതിഷേധക്കാർ അക്രമാസക്തരായെന്നും പോലിസ് പുറത്തിറക്കിയ ഔദ്യോഗിക കുറിപ്പിൽ പറയുന്നു. തുടർന്ന്, ചെറിയ തർക്കമുണ്ടാവുകയും സോമനാഥ് ഭാരതിയെയും മറ്റ് രണ്ട് പേരെയും കസ്റ്റഡിയിലെടുക്കുകയായിരുന്നുവെന്നും പോലിസ് വിശദീകരിച്ചു.

## എ.ഐ ക്യാമറയിൽ മാത്രമല്ല കെ ഫോണിലും വ്യാപക അഴിമതി: വി.ഡി സതീശൻ




കണ്ണൂർ: എ.ഐ ക്യാമറ ഇടപാടിലെ അഴിമതി മാത്രമല്ല കെ ഫോണിലും അഴിമതി നടന്നിട്ടുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ ഇന്റർനെറ്റ് എന്ന വാഗ്ദാനവുമായി പ്രഖ്യാപിച്ച കെ ഫോൺ പദ്ധതിയിൽ ഭാരത് ഇലക്ട്രോണിക്സിന് എസ്റ്റിമേറ്റിനേക്കാൾ ടെൻഡർ തുക കൂട്ടി നൽകിയെന്ന് പ്രതിപക്ഷ നേതാവ് ആരോപിച്ചു. 520 കോടിയാണ് എസ്റ്റിമേറ്റിനേക്കാൾ ടെൻഡർ തുക കൂട്ടി അധികമായി അനുവദിച്ചത്.

അഴിമതിയിൽ എസ്.ആർ.ഐ.ടിക്കും ബന്ധമുണ്ട്. എ.ഐ ക്യാമറ അഴിമതിക്ക് സമാനമായ അഴിമതിയാണ് കെ ഫോണിലും നടന്നിരിക്കുന്നത്. കെ ഫോണിലും ഉപകരാർ നൽകിയത് ചട്ടങ്ങൾ ലംഘിച്ചാണ്. എസ്റ്റിമേറ്റ് തുക കൂട്ടി നൽകണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയത് എം. ശിവശങ്കറാണ്. കെ ഫോൺ അഴിമതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ പുറത്ത് വിടുമെന്നും അദ്ദേഹം പറഞ്ഞു. എ.ഐ ക്യാമറ അഴിമതിയിൽ വ്യവസായ വകുപ്പിന്റെ അന്വേഷണത്തിന് പ്രസക്തിയില്ല. വ്യവസായ മന്ത്രി ഈ പദ്ധതിയെ ന്യായീകരിക്കുകയാണ്, പിന്നെ എങ്ങനെ അന്വേഷണം മുന്നോട്ടുപോകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് സതീശൻ ചോദിച്ചു. വിഷയത്തിൽ നിയമനടപടിയും സ്വീകരിക്കുമെന്നും, ഈ മാസം 20ന് സെക്രട്ടേറിയറ്റിന് മുമ്പിൽ കോൺഗ്രസ് പ്രതിഷേധം നടത്തുമെന്നും വി.ഡി സതീശൻ പറഞ്ഞു.

## പെൺകുട്ടികളുടെ ജനന നിരക്കിൽ ഇടിവ്; സംസ്ഥാനത്ത് പ്രധാനമന്ത്രി മാതൃവന്ദന യോജന നടപ്പാക്കാൻ നിർദേശം

### രണ്ടാമത്തേത് പെൺകുട്ടിയെങ്കിൽ 6,000 രൂപ നൽകും



തിരുവനന്തപുരം: കേരളത്തിൽ പെൺകുട്ടികളുടെ ജനന നിരക്കിലുണ്ടായ ഇടിവുമൂലം കേന്ദ്രപദ്ധതിയായ പ്രധാനമന്ത്രി മാതൃവന്ദന യോജന നടപ്പാക്കാൻ നിർദേശം. രണ്ടാമത്തെ പ്രസവത്തിൽ പെൺകുട്ടി ജനിച്ചാൽ 6,000 രൂപ നൽകുന്നതാണ് പദ്ധതി. ഇത് നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദേശത്തെ തുടർന്ന് സംസ്ഥാന ശിശുവികസന ഡയരക്ടറുടെ കാര്യാലയം ഉത്തരവിറക്കി. രാജ്യത്തെ പെൺകുട്ടികളുടെ ജനന നിരക്കിൽ ഉണ്ടായ ഇടിവ് പരിഹരിക്കാൻ കേന്ദ്രം പ്രഖ്യാപിച്ച പദ്ധതിയാണ് പ്രധാനമന്ത്രി മാതൃവന്ദന യോജന.11 സംസ്ഥാനങ്ങളിലാണ് പെൺകുട്ടികളുടെ ജനന നിരക്കിൽ ഇടിവുണ്ടായിരിക്കുന്നത്. കേരളത്തിൽ 2015-16 വർഷത്തെ സർവേയിൽ 1000 ആൺകുട്ടികൾക്ക് 1047 പെൺകുട്ടികൾ എന്നായിരുന്നു. പുതിയ സർവേ പ്രകാരം 1000 ആൺകുട്ടികൾക്ക് 951 പെൺകുട്ടികൾ എന്നാണ് കണക്ക്. ഇന്ത്യയിൽ 1000 ആൺകുട്ടികൾക്ക് 929 പെൺകുട്ടികളെന്നാണ് 2019-21ൽ നടത്തിയ കുടുംബാരോഗ്യ സർവേയിലൂടെ കേന്ദ്രം പുറത്തുവിട്ടത്. ഇതിൽ കാര്യമായ മാറ്റങ്ങൾ വരാത്ത സാഹചര്യത്തിലാണ് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനമായത്.

കേന്ദ്ര- സംസ്ഥാന സർക്കാർ ജീവനക്കാർ, പൊതുമേഖല ജീവനക്കാർ,സമാനമായ മറ്റ് പ്രസവാനുകൂല്യങ്ങൾ ലഭിക്കുന്നവർ എന്നിവർ ഒഴികെയുള്ള എല്ലാവർക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. പ്രധാനമന്ത്രി മാതൃവന്ദന യോജന മുൻകാല പ്രാബല്യത്തോടെയാണ് നടപ്പിലാക്കുന്നത്. ആനുകൂല്യം ആവശ്യമുള്ളവർക്ക് അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. h-ttp-s://pmmvy.nic.in/ എന്ന പോർട്ടൽ വഴിയാണ് അങ്കണവാടിയിലും രജിസ്റ്റർ ചെയ്യുക. അതിനാൽ പോർട്ടൽ തയ്യാറായതിനുശേഷമായിരിക്കും അങ്കണവാടി വഴിയുള്ള രജിസ്ട്രേഷൻ ആരംഭിക്കുകയെന്നാണ് സൂചന. പദ്ധതി പ്രകാരം 2022 ഏപ്രിൽ മുതൽ ധനസഹായത്തിന് അർഹതയുണ്ട്. കഴിഞ്ഞ ഏപ്രിൽ ഒന്നിന് ജനിച്ച പെൺകുട്ടിയുടെ അമ്മയ്ക്ക് ധന സഹായത്തിനായി 2023 ജൂൺ 30വരെ അപേക്ഷിക്കാവുന്നതാണ്. എന്നാൽ 2023 ജൂലൈ മുതൽ ധനസഹായം ലഭ്യമാക്കണമെങ്കിൽ രണ്ടാമത്തെ പ്രസവത്തിലെ പെൺകുഞ്ഞിന് ഒമ്പത് മാസം തികയുന്നതിന് മുമ്പ് അങ്കണവാടിയിൽ പേര് രജിസ്റ്റർ ചെയ്യണം. അതല്ലെങ്കിൽ ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനായുള്ള പോർട്ടൽ ഉടൻ സജ്ജമാകും. ആവശ്യമുള്ളവർ താമസസ്ഥലത്തിനടുത്തുള്ള അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യണം. ആദ്യ പ്രസവത്തിൽ ആൺ-പെൺകുട്ടിയാണെങ്കിലും 5000 രൂപ ധനസഹായം നൽകിവരുന്നുണ്ട്. പിന്നാലെയാണ് രണ്ടാമത്തെ പ്രസവത്തിൽ പെൺകുട്ടിയായാൽ 6000 രൂപ എന്ന പദ്ധതി നിലവിൽ വന്നത്.

### മണപ്പുറം ഫിനാൻസിൽ ഇ.ഡി റെയ്ഡ്

തൃശ്ശൂർ: റിസർവ് ബാങ്കിന്റെ അനുമതിയില്ലാതെ പൊതുജനങ്ങളിൽ നിന്ന് 150 കോടിയുടെ ധനസമാഹരണം നടത്തിയതിൽ കേരളത്തിലെ പ്രമുഖ ധനകാര്യസ്ഥാപനമായ മണപ്പുറം ഫിനാൻസിൽ ഇ.ഡി റെയ്ഡ്. മണപ്പുറം ഫിനാൻസിന്റെ വലപ്പാട്ടെ കേന്ദ്ര ഓഫിസിലും ഉടമ വി.പി നന്ദകുമാറിന്റെ വീട്ടിലും എൻഫോഴ്സ്മെന്റ് ഡയരക്റ്റേറ്റ് റെയ്ഡ് നടത്തി. കൊച്ചിയിൽ നിന്നെത്തിയ ഇ.ഡി ഉദ്യോഗസ്ഥരാണ് മണപ്പുറം ഗ്രൂപ്പിന്റെ ഹെഡ് ഓഫിസിൽ റെയ്ഡ് നടത്തിയത്. കമ്പനിയുടെ തൃശ്ശൂരിലെ ഹെഡ്ഓഫിസ് ഉൾപ്പെടെ നാല് കേന്ദ്രങ്ങളിലാണ് റെയ്ഡ്. അതോടൊപ്പം കെ.വൈ.സി ഇല്ലാതെ കോടിക്കണക്കിന് രൂപയുടെ വിനിമയം നടത്തിയെന്നും ഇ.ഡി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഒന്നും പുറത്ത് വിട്ടിട്ടില്ല.

## വേനൽ മഴ സംസ്ഥാനത്ത് കുറയും; ചൂട് കൂടും



തിരുവനന്തപുരം: വേനൽ മഴ സംസ്ഥാനത്ത് ഇന്ന് മുതൽ കുറയും. മഴ കുറയുന്നതോടെ വേനൽ ചൂട് നേരിയതോതിൽ ഉയരുമെന്ന് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു. വിവിധ ഭാഗങ്ങളിലായി ഒറ്റപ്പെട്ടയിടങ്ങളിൽ മഴ കിട്ടിയേക്കുമെന്നും റിപ്പോർട്ടുണ്ട്. ഞായറാഴ്ചയോടെ തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെടുമെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഇത് പിന്നീട് ചുഴലിക്കാറ്റായി മാറുമെന്നാണ് മുന്നറിയിപ്പ്. എന്നാൽ ചുഴലിക്കാറ്റിന്റെ സ്വാധീന പ്രദേശത്തിലോ ശക്തിയിലോ വ്യക്തതയായിട്ടില്ല. എങ്കിലും ന്യൂനമർദം രൂപപ്പെടുന്നതോടെ അടുത്തയാഴ്ച കേരളത്തിൽ വീണ്ടും മഴ സജീവമായേക്കും. കേരള തീരത്ത് നാളെ രാത്രി രാത്രി 11.30 വരെ കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. അതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു. ബോട്ട്, വള്ളം, മുതലായവ ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണ്ണമായും ഒഴിവാക്കണമെന്നും അധികൃതർ നിർദേശിച്ചു.



## ബ്രഹ്മപുരത്ത് ചെലവായത് 1.14 കോടി രൂപ; കോർപറേഷന് ചെലവായത് 90 ലക്ഷം

കൊച്ചി: ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിലുണ്ടായ തീപ്പിടിത്തം അണയ്ക്കാൻ ചിലവായത് 1.14 കോടി രൂപ. ഇതിൽ കൊച്ചി കോർപറേഷന് ചെലവായത് 90 ലക്ഷം രൂപ. കൂടാതെ മെഡിക്കൽ ക്യാംപുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് 24 ലക്ഷം രൂപയും ചെലവായി. എറണാകുളം കലക്ടറേറ്റിലെ ദുരന്ത നിവാരണ വിഭാഗത്തിൽ നിന്ന് ലഭിച്ച വിവരാവകാശ രേഖയിലാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

ചെലവഴിച്ച തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് തീ അണയ്ക്കാൻ മേൽനോട്ടം വഹിച്ച ജില്ലാ ഭരണകൂടം സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. മാർച്ച് രണ്ടിന് വൈകീട്ടാണ് ബ്രഹ്മപുരത്ത് തീപടിച്ചത്. 12 ദിവസം എടുത്താണ് തീ അണച്ചത്. ഈ വർഷം മൂന്നാം തവണയാണ് മാലിന്യ പ്ലാന്റിൽ തീപ്പിടിത്തമുണ്ടായത്.

തീപിടിത്തത്തെ തുടർന്ന് ഏകദേശം 12,800 മുതൽ 13,000 ടൺ വരെ ചാരമുണ്ടായിട്ടുണ്ടാകാമെന്നാണ് പഠന റിപ്പോർട്ട്. മണ്ണുമാന്തിയന്ത്രങ്ങൾ, ഫ്ളോട്ടിങ് മെഷീനുകൾ, മോട്ടോർ പമ്പുകൾ, ലൈറ്റുകൾ എന്നിവയുടെ വാടക, ഇവ സ്ഥലത്ത് എത്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനുള്ള ഇന്ധനച്ചെലവുകൾ, ഓപ്പറേറ്റർമാരുടെ കൂലി, മണ്ണ് പരിശോധന, താൽക്കാലിക വിശ്രമകേന്ദ്രങ്ങളുടെ നിർമാണം, ബയോ ടോയ്ലറ്റുകൾ, ഭക്ഷണം എന്നീ ചെലവുകളാണ് കോർപറേഷൻ വഹിച്ചത്. ജില്ലാ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റി പ്രോഗ്രാം മാനേജർ 11 ലക്ഷം രൂപയുടെയും ജില്ലാ മെഡിക്കൽ ഓഫിസർ 13 ലക്ഷം രൂപയുടെയും ബില്ലുകളാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. അഗ്നിരക്ഷാ ദൗത്യത്തിലേർപ്പെട്ട ഉദ്യോഗസ്ഥർക്കായി കാക്കനാട് തയ്യാറാക്കിയ മെഡിക്കൽ ക്യാംപിലേക്ക് വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനും ഡോക്ടർമാരുടെ താമസസൗകര്യം ഒരുക്കുന്നതിനുമായിരുന്നു 11 ലക്ഷം രൂപ ചിലവായത്. മറ്റ് മെഡിക്കൽ ആവശ്യങ്ങൾക്ക് വേണ്ടിയാണ് 13 ലക്ഷം രൂപ ചെലവഴിച്ചത്.

## എൻ.സി.പി ദേശീയ അധ്യക്ഷ പദവിയിലേക്ക് സുപ്രിയ സുലെ; പിന്തുണയുമായി പ്രതിപക്ഷം



മുംബൈ: എൻ.സി.പിയിൽ തലമുറമാറ്റത്തിന്റെ സൂചനകൾ നൽകി ദേശീയ അധ്യക്ഷ സ്ഥാനത്തേക്ക് ലോക്സഭാംഗവും ശരദ് പവാറിന്റെ മകളുമായ സുപ്രിയ സുലെയ്ക്ക് പിന്തുണയുമായി പ്രതിപക്ഷ പാർട്ടികൾ. രാഹുൽ ഗാന്ധിയും എം.കെ സ്റ്റാലിനും ഫോണിൽ സുപ്രിയയെ വിളിച്ചു. ശരദ് പവാറിന്റെ പ്രഖ്യാപനം കാത്തിരിക്കുകയാണ് മഹാരാഷ്ട്ര രാഷ്ട്രീയം. അജിത് പവാറിനെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് പരിഗണിച്ച് സുപ്രിയയെ അധ്യക്ഷയാക്കാൻ എൻ.സി.പയിൽ ചർച്ചകൾ സജീവമാണ്. ദേശീയ തലത്തിലേക്ക് സുപ്രിയ സുലെ വരട്ടെ, അജിത്ത് പവാർ സംസ്ഥാന രാഷ്ട്രീയം കൈകാര്യം ചെയ്യട്ടെ എന്ന തലത്തിൽ പരസ്യ പ്രതികരണം വരെ ഉണ്ടായി. പാർട്ടിയെ നയിക്കാൻ സുപ്രിയ സുലെ എത്തിയാൽ എൻ.സി.പി അധികാരത്തിലെത്തിയാൽ മുഖ്യമന്ത്രി പദവിയിലേക്ക് അജിത്ത് പവാറിനെ പരിഗണിച്ചേക്കും. എൻ.സി.പിയിൽ നിന്ന് രാജി വച്ച ശരദ് പവാർ തീരുമാനം പുനഃപരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും അത് രാജിക്കാര്യമല്ലെന്നാണ് മനസിലാകുന്നത്. എൻ.സി.പി രൂപീകരിച്ചത് മുതൽ പാർട്ടിയുടെ പരമോന്നത നേതാവായി തുടരുകയായിരുന്ന ശരദ് പവാർ മുംബൈയിൽ ആത്മകഥാ പ്രകാശന ചടങ്ങിലാണ് എൻ.സി.പി ദേശീയ അധ്യക്ഷ സ്ഥാനം ഒഴിയുന്നതായി പ്രഖ്യാപിച്ചത്. എന്നാൽ പൊതു ജീവിതം തുടരുമെന്നും അദ്ദേഹം വ്യക്തമാക്കി.

# എന്റെ സംസ്ഥാനം കത്തുന്നു, സഹായിക്കണം: മേരി കോം

ഇംഫാൽ: മണിപ്പൂരിൽ ഭൂരിപക്ഷം വരുന്ന ആദിവാസി ഇതര വിഭാഗമായ മെയ്തേയി സമുദായത്തിന് പട്ടികവർഗ പദവി നൽകാനുള്ള കേന്ദ്രനീക്കത്തെ ചൊല്ലിയുള്ള പ്രതിഷേധത്തിൽ സംഘർഷം കനക്കുന്നു. തീവെപ്പും ഏറ്റുമുട്ടലും കനക്കുന്ന മണിപ്പൂരിനെ ശാന്തമാക്കാൻ സഹായിക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, പ്രതിരോധമന്ത്രി രാജ്നാഥ് സിങ് എന്നിവരോട് മണിപ്പൂരിൽ നിന്നുള്ള ലോക ബോക്സിങ് ജേതാവായ മേരി കോം സഹായമഭ്യർഥിച്ചു.



എന്റെ സംസ്ഥാനമായ മണിപ്പൂർ കത്തുകയാണ്. ദയവായി സഹായിക്കൂ നരേന്ദ്രമോദി, അമിത് ഷാ, രാജ്നാഥ് സിങ് എന്ന് ടാഗ് ചെയ്താണ് അവർ ട്വീറ്റ് ചെയ്തത്. മാധ്യമങ്ങളേയും ഇതിൽ മേരി കോം




മേരികോമിന്റെ ടിറ്റർ പോസ്റ്റ്

ടാഗ് ചെയ്തിട്ടുണ്ട്. നഗരത്തിൽ കടകളും വീടുകളും സ്ഥാപനങ്ങളും അഗ്നിക്കിരയാകുന്ന ചിത്രങ്ങളും ഇതോടൊപ്പം പങ്കുവെച്ചിട്ടുണ്ട്. സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ സൈന്യത്തെയും അസം റൈഫിൾസിനെയും വിന്യസിച്ചതായി മണിപ്പൂർ മുഖ്യമന്ത്രി എൻ.ബിരേൻ സിംഗ് വ്യക്തമാക്കി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ മുഖ്യമന്ത്രിയുമായി സംസാരിച്ചു. മണിപ്പൂർ സംഘർഷത്തിൽ മരണം ഉണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി ബിരേൻ സിംഗ് സ്ഥിരീകരിച്ചു. അക്രമത്തിൽ മരണവും നാശനഷ്ടവും ഉണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. രണ്ടു വിഭാഗങ്ങൾ തമ്മിലുണ്ടായ തെറ്റിധാരണയാണ് സംഘർഷങ്ങൾക്ക് കാരണമെന്നും മുഖ്യമന്ത്രി പറഞ്ഞു. മെയ്തേയി വിഭാഗക്കാരെ ഗോത്രവിഭാഗത്തിൽ ഉൾപ്പെടുത്താൻ ഹൈക്കോടതി ഉത്തരവിട്ടതോടെയാണ് സംസ്ഥാനത്ത് സംഘർഷം ഉടലെടുത്തത്. ഒരാഴ്ചയായിട്ടും പ്രതിഷേധത്തെ അണയ്ക്കാൻ സർക്കാരിനായിട്ടില്ല.കലാപം രൂക്ഷമായതോടെ സംഘർഷബാധിത പ്രദേശങ്ങളിൽ സൈന്യവും അസം റൈഫിൾസും ചേർന്നു ഫ്ളാഗ് മാർച്ച് നടത്തി. അക്രമങ്ങൾ കൂടിയതോടെ ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിത്തുടങ്ങിയെന്ന് സൈന്യം അറിയിച്ചു. സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലെ സൈനിക ക്യാംപുകളിലേക്കും സർക്കാർ ഓഫിസികളിലേക്കുമാണ് ആളുകളെ മാറ്റുന്നത്. സംസ്ഥാനത്ത് അഞ്ചു ദിവസത്തേക്ക് ഇന്റർനെറ്റ് നിരോധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എട്ടു ജില്ലകളിൽ ഇന്നലെ രാത്രി മുതൽ കർഫ്യു ഏർപ്പെടുത്തി. മണിപ്പൂരിലെ ജനസംഖ്യയുടെ 53% വരുന്ന മെയ്തി വിഭാഗം പ്രധാനമായും മണിപ്പൂർ താഴ്‌വരയിലാണ് താമസിക്കുന്നത്. മ്യാൻമറികളും ബംഗ്ലദേശികളും നടത്തുന്ന വലിയ തോതിലുള്ള അനധികൃത കുടിയേറ്റം കാരണം ബുദ്ധിമുട്ട് നേരിടുന്നതായണ് മെയ്തി സമുദായത്തിന്റെ അവകാശവാദം. നിലവിലുള്ള നിയമമനുസരിച്ച്, സംസ്ഥാനത്തെ മലയോര മേഖലകളിൽ മെയ്തികൾക്ക് താമസിക്കാൻ അനുവാദമില്ല. ആദിവാസി ഇതര വിഭാഗമായ മെയ്തേയി വിഭാഗത്തിന് പട്ടിക വർഗ പദവി നൽകുന്നതിനെതിരേയാണ് സംസ്ഥാനത്തെ ആദിവാസി വിഭാഗം പ്രക്ഷോഭം നടത്തുന്നത്.

# എൻഫോഴ്സ്മെന്റ് ഡയരക്ടറുടെ കാലാവധി നീട്ടുന്നതിൽ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി

ന്യൂഡൽഹി: എൻഫോഴ്സ്മെന്റ് ഡയരക്ടർ സഞ്ജയ് മിശ്രയുടെ കാലാവധി നീട്ടുന്നതിൽ കേന്ദ്രത്തിനെതിരേ രൂക്ഷവിമർശനവുമായി സുപ്രീംകോടതി. ഈ പദവിയിലേക്ക് പരിഗണിക്കാൻ എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിൽ മറ്റ് ഉദ്യോഗസ്ഥരില്ലേയെന്ന് കോടതി ചോദിച്ചു. ഒരു പ്രധാനമന്ത്രി കൊല്ലപ്പെട്ടിട്ടുകൂടി മുൻപോട്ട് പോയ രാജ്യമാണിതെന്ന് ഓർക്കണമെന്നും കോടതി കേന്ദ്രത്തോട് പറഞ്ഞു. ഇ.ഡി ഡയരക്ടർ സഞ്ജയ് കുമാർ മിശ്രയുടെ കാലാവധി മൂന്നാമതും നീട്ടുന്നതിരേ നൽകിയ ഒരു കൂട്ടം ഹർജികളിലാണ് കേന്ദ്രത്തെ രൂക്ഷമായി വിമർശിച്ച് സുപ്രീംകോടതി ചോദ്യങ്ങളുന്നയിച്ചത്.

അത്ര അനിവാര്യനായ ഉദ്യോഗസ്ഥനാണോ സഞ്ജയ് മിശ്ര. ഇ.ഡിയെ നയിക്കാൻ കഴിവും പ്രാപ്തിയുമുള്ള മറ്റ് ഉദ്യോഗസ്ഥരില്ലേയെന്നും ജസ്റ്റിസ് ബി.ആർ ഗവായ് അധ്യക്ഷനായ ബെഞ്ച് ചോദിച്ചു. '2023 ൽ മിശ്ര വിരമിക്കുമ്പോൾ എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിന് എന്തു സംഭവിക്കും? ഇപ്പോൾ ബാഹ്യപരിധിയായി നിശ്ചയിച്ചിരിക്കുന്ന അഞ്ച് വർഷത്തെ കാലാവധി അദ്ദേഹം പൂർത്തിയാക്കിയിരുന്നുവെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു? ഒരു ഭേദഗതിയിലൂടെ നിങ്ങൾ അഞ്ച് വർഷത്തിനു പകരം ആറ് വർഷം അനുവദിക്കുമായിരുന്നോ?', ജസ്റ്റിസ് ഗവായ് ചോദിച്ചു.



സഞ്ജയ് മിശ്ര

എന്നാൽ വ്യക്തിപരമായ ഒരു താൽപര്യവുമല്ല കാലാവധി നീട്ടുന്നതിന് പിന്നിലെന്ന് കേന്ദ്രസർക്കാരിന് വേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത കോടതിയെ അറിയിച്ചു. കള്ളപ്പണം വെളുപ്പിക്കൽ നിരോധന നിയമപ്രകാരം ഭീകരർക്കെതിരേ ഇന്ത്യ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിന് ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സിന്റെ അവലോകന യോഗം ഉടൻ ചേരുകയാണ്. പത്ത് വർഷത്തിലൊരിക്കൽ നടക്കുന്ന യോഗത്തിൽ ഇതുവരെയുള്ള നടപടികൾ അവലോകനം ചെയ്യാൻ സഞ്ജ്യ് മിശ്രയുടെ സേവനം ആവശ്യമാണെന്നും തുഷാർ മേത്ത അറിയിച്ചു.

എന്നാൽ അക്കാര്യം വിലയിരുത്താൻ കഴിവും അർഹതയുമുള്ള മറ്റാരുമില്ലേയെന്ന് കോടതി ചോദിച്ചു. അധികാരത്തിൽ ഇരുന്ന ഒരു പ്രധാനമന്ത്രി കൊല്ലപ്പെട്ട രാജ്യമാണിതെന്നും, എന്നിട്ടും കാര്യങ്ങൾ മുൻപോട്ട് പോയെന്നും കേന്ദ്രത്തെ കോടതി ഓർമ്മപ്പെടുത്തി. 1984 ബാച്ച് ഐ.ആർ.എസ് ഉദ്യോഗസ്ഥനായ സഞ്ജയ് മിശ്രയെ 2018ലാണ് ഇഡി ഡയരക്ടറായി അദ്യം നിയമിക്കുന്നത്. 2020 നവംബറിൽ കാലാവധി കഴിയാനിരിക്കേ ഒരു വർഷത്തേക്ക് നീട്ടി.

തുടർന്ന് 2021 സെപ്റ്റംബറിൽ രണ്ട് മാസത്തേക്ക് കൂടി നീട്ടി. പിന്നീട് സെൻട്രൽ വിജിലൻസ് കമ്മീഷൻ ആക്ടിൽ ഭേദഗതി വരുത്തി കാലാവധി അഞ്ച് വർഷത്തേക്ക് കൂടി നീട്ടി ഓർഡിനൻസും പുറത്തിറക്കി. ഇത് ചോദ്യം ചെയ്ത് കോൺഗ്രസ് നേതാക്കളായ രൺദീപ് സിംഗ് സുർജേവാല, ഡോ. ജയ താക്കൂർ എന്നിവർ സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു.

## ഓൾ ഇന്ത്യാ റേഡിയോ ഇനി ആകാശവാണി

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും വലിയ റേഡിയോ നെറ്റ്‌വർക്കുകളിലൊന്നായ റേഡിയോ തുറന്നാൽ കേൾക്കുന്ന ദിസ് ഈസ് ഓൾ ഇന്ത്യ റേഡിയോ ഇനിയില്ല. പ്രസാർ ഭാരതിക്ക് കീഴിലെ ഔദ്യോഗിക റേഡിയോ പ്രക്ഷേപണം ഇനി അറിയപ്പെടുക ആകാശവാണി എന്ന് മാത്രം. ഓൾ ഇന്ത്യ റേഡിയോ എന്ന വിശേഷണം പൂർണമായും ഒഴിവാക്കി ആകാശവാണി എന്ന് മാത്രം ഉപയോഗിക്കാനുള്ള ആകാശവാണി ഡയരക്ടർ ജനറലിന്റെ ഔദ്യോഗിക അറിയിപ്പ് ബുധനാഴ്ച പുറത്തിറങ്ങി. ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിങ് മന്ത്രാലയമാണ് പ്രസാർ ഭാരതിയുടെ റേഡിയോ വിഭാഗത്തെ ഇനി ആകാശവാണി എന്ന് വിളിക്കുന്ന രീതി അവലംബിക്കാൻ നിർദേശം നൽകിയത്. 1936ലാണ് രാജ്യത്തെ ഔദ്യോഗിക റേഡിയോ പ്രക്ഷപണത്തിന് ഓൾ ഇന്ത്യ റേഡിയോ എന്ന പേര് നൽകിയത്. നൊബേൽ ജേതാവായ രവീന്ദ്രനാഥ ടാഗോറാണ് 1939ൽ ആൾ ഇന്ത്യ റേഡിയോയെ ആകാശവാണി എന്ന് വിളിച്ചത്. ആകാശത്തുനിന്നുള്ള ശബ്ദം എന്ന അർഥത്തിലാണ് അദ്ദേഹം ആകാശവാണി എന്ന് പേരിട്ടത്. അന്നു മുതൽ ആകാശവാണി എന്നും ഓൾ ഇന്ത്യ റേഡിയോ എന്നും ഇന്ത്യൻ റേഡിയോ ശൃംഖലയെ വിളിച്ചുപോരുന്നുണ്ട്.

ആകാശവാണി എന്ന പേര് മാത്രമായി സ്വീകരിക്കണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. 1997 മുതൽ ഇത് സംബന്ധിച്ച ചർച്ചകൾ നടന്നിരുന്നു. എല്ലാ റേഡിയോ പരിപാടികളിലും ഔദ്യോഗിക അറിയിപ്പുകളിലും ഓൾ ഇന്ത്യ റേഡിയോയ്ക്ക് പകരം ആകാശവാണി എന്നുതന്നെ ഉപയോഗിക്കണമെന്നാണ് ഇപ്പോഴത്തെ ഉത്തരവിൽ പറയുന്നത്. ഇംഗ്ലീഷിലുള്ള പരിപാടികളിലും ആകാശവാണി എന്ന് മാത്രമേ ഉപയോഗിക്കാവൂ.

## ഇന്ത്യയുടെ മാധ്യമസ്വാതന്ത്ര്യം പ്രതിസന്ധിയിൽ; 180 രാജ്യങ്ങളിൽ 161–ാം റാങ്ക്

ന്യൂഡൽഹി: 180 രാജ്യങ്ങളിൽ മാധ്യമസ്വാതന്ത്ര്യത്തിന്റെ കാര്യത്തിൽ 161–ാം റാങ്കിലേക്ക് കൂപ്പുകുത്തി ഇന്ത്യ. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ബോർഡേഴ്സ് (ആർ.എസ്.എഫ്) എന്ന സംഘടനയുടെ ഈ വർഷത്തെ വേൾഡ് പ്രസ് ഫ്രീഡം ഇൻഡക്സിൽ ഇന്ത്യയുടെ റാങ്ക് 11 പോയിന്റ് ഇടിഞ്ഞു. ഇന്ത്യയിൽ മാധ്യമസ്വാതന്ത്ര്യവും മാധ്യമപ്രവർത്തകരുടെ സുരക്ഷയും കൂടുതൽ അപകടത്തിലേക്കെന്ന് സംഘടന റിപ്പോർട്ട് ചെയ്യുന്നു. മാധ്യമ പ്രവർത്തകർക്കെതിരായ അക്രമങ്ങൾ, രാഷ്ട്രീയപരമായി പക്ഷം പിടിക്കുന്ന മാധ്യമങ്ങൾ ഉൾപ്പെടെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ മാധ്യമ സ്വാതന്ത്ര്യം പ്രതിസന്ധിയിലാവാൻ കാരണമായതായി ആർ.എസ്.എഫ് ചൂണ്ടിക്കാട്ടി. രാഷ്ട്രീയം, സാമ്പത്തികം, നിയമനിർമാണം, സാമൂഹികം, സുരക്ഷ എന്നിങ്ങനെ അഞ്ച് സൂചകങ്ങളിലെ പ്രകടനം വിലയിരുത്തിയാണ് വേൾഡ് പ്രസ് ഫ്രീഡം ഇൻഡക്സിൽ രാജ്യങ്ങൾക്ക് റാങ്ക് നിർണയിക്കുന്നത്. സുരക്ഷാ സൂചികയിലാണ് ഇന്ത്യ ഏറ്റവും മോശം പ്രകടനം കാഴ്ചവയ്ക്കുന്നത്. 172 ആണ് സുരക്ഷാ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം. ലോകത്ത് മാധ്യമപ്രവർത്തകർക്ക് സുരക്ഷ ഉറപ്പാക്കുന്ന കാര്യത്തിൽ ഏറ്റവും പിറകിലുള്ള രാജ്യം മ്യാൻമറാണ്. പാകിസ്താൻ 150–ാം സ്ഥാനത്തും താലിബാൻ നിയന്ത്രിക്കുന്ന അഫ്ഗാനിസ്ഥാൻ 152–ാം സ്ഥാനത്തും ഇന്ത്യയ്ക്ക് മുകളിലാണ്. ഭൂട്ടാന് 90–ാം റാങ്കും ശ്രീലങ്കയ്ക്ക് 135–ാം റാങ്കുമുണ്ട്.

## പ്രമുഖ തമിഴ് ചലച്ചിത്രതാരം മനോബാല അന്തരിച്ചു

ചെന്നൈ: പ്രമുഖ തമിഴ് സിനിമ താരവും നിർമാതാവും സംവിധായകനുമായ മനോബാല (69) അന്തരിച്ചു. ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് ചികിത്സയിലിരിക്കെയാണ് മരണം. ഹൃദ്രോഗ സംബന്ധമായ ചികിത്സയെ തുടർന്ന് വിശ്രമത്തിലായിരുന്നു. തമിഴ്, കന്നഡ സിനിമകളുടെ സംവിധായകനായിരുന്നു. 240 സിനിമകളിലേറെ അഭിനയിക്കുകയും നിരവധി സിനിമകൾ നിർമിക്കുകയും സംവിധാനം ചെയ്തിട്ടുമുണ്ട്. ടി.വി പരമ്പരകളിലും 10 ടെലിഫിലിമകളിലും സജീവമായിരുന്നു. പ്രശസ്ത സംവിധായകൻ ഭാരതിരാജയുടെ സഹായിയായി സിനിമയിൽ എത്തിയ മനോബാല 1982ൽ ആഗായ ഗംഗ എന്ന ചിത്രത്തിലൂടെയാണ് സ്വതന്ത്ര സംവിധായകനായി രംഗത്ത് എത്തുന്നത്.



# കിങ് ഫിഷറിനും ജെറ്റ് എയർവേയ്സിനും പിന്നാലെ പാപ്പരത്ത നടപടികൾ നേരിട്ട് ഗോ ഫസ്റ്റ് എയർവേയ്സ്

ന്യൂഡൽഹി: ബജറ്റ് യാത്രക്കാരെ ലക്ഷ്യമിട്ട് പതിനേഴ് വർഷങ്ങൾക്കു മുമ്പ് ആരംഭിച്ച ഗോ ഫസ്റ്റ് എയർവേയ്സ് പാപ്പരത്ത നടപടിക്കായി ദേശീയ കമ്പനി ട്രിബ്യൂണലിനെ സമീപിച്ചതായി റിപ്പോർട്ട്. ഗോ എയർ എന്ന പേരിൽ ആരംഭിച്ച് പിന്നീട് ഗോ ഫസ്റ്റ് ആയി മാറിയ കമ്പനി കടുത്ത പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നതെന്നാണ് വിവരം. വിമാനക്കമ്പനികൾ സാമ്പത്തിക നഷ്ടത്തിലാകുന്നതും തകർച്ചയെ നേരിടുന്നതും വാർത്തകളല്ലാതാവുകയാണ്. 2012ൽ വിവാദ വ്യവസായി വിജയ് മല്യയുടെ ഉടമസ്ഥതയിലുള്ള കിങ് ഫിഷർ സാമ്പത്തികമായി തകർന്നത് ചർച്ചയായിരുന്നു. കിങ് ഫിഷറിനുള്ളിലെ തൊഴിൽ പ്രശ്നങ്ങൾ മുതൽ മല്യയുടെ രാഷ്ട്രീയമടക്കമുള്ള വിവിധ കാര്യങ്ങൾ ദേശീയ, അന്തർദേശീയ ശ്രദ്ധയാകർഷിച്ചിരുന്നു. 2019ൽ ജെറ്റ് എയർവേയ്സ് ആണ് രാജ്യത്ത് ഏറ്റവും അവസാനം തകർച്ച നേരിട്ട് സർവീസ് അവസാനിപ്പിച്ച വിമാനക്കമ്പനി. 2005 ൽ അഹമ്മദാബാദ്-മുംബൈ സർവീസോടെയാണ് ഗോ എയറിന് തുടക്കമാകുന്നത്. കുറഞ്ഞ ചെലവിൽ വിമാനയാത്ര എന്ന ആശയം കമ്പനി മുന്നോട്ടു വച്ചതോടെ ഗോ എയർ ഇന്ത്യ വിപണി സ്വന്തമാക്കി. 2022ലെ കണക്കനുസരിച്ച് 1.09 കോടി യാത്രക്കാർ ഗോ എയറിനുണ്ടായിരുന്നു. 8.8 ശതമാനമായിരുന്നു കമ്പനിയുടെ വിപണി വിഹിതം. 50 ശതമാനത്തിലധികം വിപണി വിഹിതമുള്ള ഇൻഡിഗോയ്ക്കും 10 ശതമാനത്തോളം വിഹിതമുള്ള എയർ ഇന്ത്യക്കും പിന്നിലായിരുന്നു ഗോ എയർ. 2020 മാർച്ചിലെ കണക്കനുസരിച്ച് ആഭ്യന്തര അന്തർദേശീയ സർവീസുകളുൾപ്പെടെ 330 ലധികം സർവീസുകളും ഗോ എയർ പൂർത്തീകരിച്ചിരുന്നു.വിമാനത്തിന്റെ എൻജിൻ ലഭ്യമാക്കുന്നതിൽ അമേരിക്കൻ കമ്പനിയായ പ്രാറ്റ് ആൻഡ് വിറ്റ്നി വീഴ്ചവരുത്തിയതാണ് ഇത്തരമൊരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് കമ്പനിയെ തള്ളിവിട്ടത്. 61 വിമാനങ്ങളുള്ള കമ്പനിയുടെ 28 വിമാനങ്ങളും നിലവിൽ സർവീസിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലാണ്. ഇതിൽ 25 എണ്ണവും നേരിടുന്ന പ്രശ്നം എൻജിനുകളില്ലാത്തതാണ്. 2019-ൽ പ്രാറ്റ് ആൻഡ് വിറ്റ്നി നൽകിയ എൻജിനുകളിൽ ഏഴ് ശതമാനം മാത്രമായിരുന്നു തകരാറിലായത്. എന്നാൽ പിന്നീടുള്ള വർഷങ്ങളിൽ തകരാറിലായ എൻജിനുകളുടെ എണ്ണം വർധിച്ചു. 2020ൽ ഇത് 31 ശതമാനവും 2022 ൽ 50 ശതമാനവുമായി വർധിച്ചു.




# ബിൽക്കിസ് ബാനു കേസ്; വിഷയം ബെഞ്ച് കേൾക്കാൻ കുറ്റവാളികൾ ആഗ്രഹിക്കുന്നില്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: ബിൽക്കിസ് ബാനു കൂട്ടബലാത്സംഗക്കേസിലെ പ്രതികൾ നിലവിലെ ബെഞ്ചിനെ ഒഴിവാക്കാൻ ശ്രമിക്കുകയാണെന്ന് സുപ്രീം കോടതി. കേസിലെ പ്രതികളുടെ ശിക്ഷ ഇളവ് ചെയ്തതിനെതിരേയുള്ള കേസിൽ ഇപ്പോഴത്തെ ബെഞ്ച് വാദം കേൾക്കുന്നത് കുറ്റവാളികൾ ആഗ്രഹിക്കുന്നില്ലെന്നും ഈ അവസരം മുതലെടുത്ത് നിലവിലെ ബെഞ്ചിനെ ഒഴിവാക്കുന്നതിനായി ശ്രമം നടക്കുന്നുവെന്ന് സുപ്രീംകോടതി പറഞ്ഞു. മെയ് 19ന് ആയിരിക്കും കോടതിയിലെ അവസാന പ്രവർത്തി ദിവസം. വാദം കേൾക്കുന്ന ബെഞ്ച് അധ്യക്ഷൻ ജസ്റ്റിസ് കെ.എം ജോസഫ് ജൂൺ 15ന് വിരമിക്കും. കേസ് അധികം വൈകിയാൽ വിധി പറയാൻ സാധിക്കില്ല. ജസ്റ്റിസ് ബി.വി നാഗരത്ന, ജസ്റ്റിസ് ജോസഫ് എന്നിവരുൾപ്പെട്ട ബെഞ്ചാണ് കേസിന്റെ വാദം കേൾക്കുന്നത്. കേസിൽ തങ്ങൾക്ക് നോട്ടീസ് ലഭിച്ചിട്ടില്ലെന്ന് അവകാശപ്പെട്ട് ജയിൽ മോചിതരായ 11 പ്രതികൾക്കു വേണ്ടി അഭിഭാഷകർ സമർപ്പിച്ച ഹർജിയിലെ വാദത്തിനു ശേഷമാണ് ബെഞ്ച് അധ്യക്ഷന്റെ വാക്കാലുള്ള പരാമർശം. 'നിങ്ങൾ എന്താണ് ശ്രമിക്കുന്നതെന്ന് വ്യക്തമാണ്. ഞാൻ ജൂൺ 16ന് വിരമിക്കും മെയ് 19 ആണ് എന്റെ അവസാന പ്രവൃത്തി ദിനം. വേനൽകാല അവധിക്കു ശേഷം പുതിയ ബെഞ്ചായിരിക്കും കേസിന്റെ വാദം കേൾക്കുന്നത്. ഈ ബെഞ്ച് കേസ് കേൾക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലെന്ന് വ്യക്തമാണ്. അഭിഭാഷകർ കോടതിയിലെ ഉദ്യോഗസ്ഥരാണ്, ആ കാര്യം മറക്കരുത്. നിങ്ങൾ ഒരു കേസിൽ ജയിച്ചേക്കാം അല്ലെങ്കിൽ തോറ്റേക്കാം, പക്ഷേ നിങ്ങളുടെ കടമ മറക്കരുത്' -ജസ്റ്റിസ് ജോസഫ് പറഞ്ഞു. ജീവപര്യന്തം ശിക്ഷയിൽ ഇളവ് ചെയ്യാൻ കേന്ദ്രം അംഗീകരിച്ച ഗുജറാത്ത് സംസ്ഥാനത്തിന്റെ തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള ബിൽക്കിസ് ബാനുവിന്റെ ഹർജിയിൽ എതിർ വിഭാഗം സത്യവാങ്മൂലം സമർപ്പിക്കാൻ രണ്ടാഴ്ചത്തെ സമയമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. 2002 ലെ ഗുജറാത്ത് കലാപത്തിനിടെ അഞ്ച് മാസം ഗർഭിണിയായ ബിൽക്കിസ് ബാനുവിനെ കൂട്ടബലാത്സംഗം ചെയ്യുകയും കുഞ്ഞിനെയടക്കം കുടുംബത്തിലെ ഏഴ് പേരെ കൊലപ്പെടുത്തുകയും ചെയ്ത കേസിലെ പ്രതികളെ ജയിൽ മോചിതരാക്കിയതിനെതിരേയായിരുന്നു ഹർജി. കുറ്റകൃത്യം ഭയാനകമാണെന്ന് കേസ് പരിഗണിച്ചപ്പോൾ ജസ്റ്റിസ് ജോസഫ് വ്യക്തമാക്കിയിരുന്നു. ഗുജറാത്ത് സർക്കാരിനെതിരേ സുപ്രീംകോടതി രൂക്ഷവിമർശനമാണ് അന്ന് നടത്തിയത്. കേസിൽ 2008 ജനുവരി 21ന് മുംബൈയിലെ സി.ബി.ഐ കോടതി 11 പേരെ ജീവപര്യന്തം തടവിന് ശിക്ഷിച്ചിരുന്നു. ഇവരുടെ ശിക്ഷ പിന്നീട് ബോംബൈ ഹൈക്കോടതി ശരിവയ്ക്കുകയുമായിരുന്നു. 15 വർഷത്തിലേറെയായി പ്രതികൾ ജയിലിൽ കഴിഞ്ഞു. അതിനിടെയാണ് മോചനം ആവശ്യപ്പെട്ട് പ്രതികളിലൊരാൾ സുപ്രീംകോടതിയെ സമീപിച്ചത്.






## 'ദ കേരള സ്റ്റോറി' സാങ്കൽപിക കഥയെന്ന മുന്നറിയിപ്പ് നൽകാനാവില്ല; മുതിർന്ന അഭിഭാഷകൻ ഹരീഷ് സാൽവേ

ന്യൂഡൽഹി: റിലീസിനു മുമ്പേ വിവാദത്തിലായ 'ദ കേരള സ്റ്റോറി' യഥാർഥ സംഭവങ്ങളുടെ അടിസ്ഥാനത്തിലല്ല എന്ന് എഴുതിക്കാണിക്കണമെന്ന ആവശ്യം ചിത്രത്തിന്റെ അണിയറ പ്രവർത്തകർ തള്ളി. ചിത്രത്തിന്റെ നിർമാതാവ് വിപുൽ ഷാ ഉൾപ്പെടെയുള്ളവർക്ക് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ഹരീഷ് സാൽവെയാണ് ഈ ആവശ്യം തള്ളിയത്.

ഒരു സമുദായത്തെ മുഴുവൻ അപമാനിക്കുന്ന തരത്തിലുള്ള സിനിമയാണെന്നും വിദ്വേഷ പ്രചരണമാണ് സിനിമയിലൂടെ ലക്ഷ്യമിടുന്നതെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടിയിരുന്നു. യഥാർഥ സംഭവ കഥ എന്ന നിലയിലാണ് സിനിമ അവതരിപ്പിക്കുന്നത്. എന്നാൽ യഥാർഥ സംഭവ കഥയല്ലെന്ന് സിനിമയിൽ എഴുതിക്കാണിക്കണം.

വെള്ളിയാഴ്ച പ്രദർശനത്തിന് വരുന്നതിനാൽ നാളെ ത്തന്നെ ഹർജിയിൽ വാദം കേൾക്കണമെന്ന് ഹർജിക്കാർ ആവശ്യപ്പെട്ടിരുന്നു. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ സത്യം എന്ന രീതിയിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുകയാണെന്ന് ഹർജിക്കാർക്കു വേണ്ടി ഹാജരായ സീനിയർ അഭിഭാഷക വൃന്ദ ഗ്രോവർ ആരോപിച്ചു. എന്നാൽ ഈ ആവശ്യം അംഗീകരിക്കാനാവില്ലെന്ന കാര്യം ഉത്തരവിൽ രേഖപ്പെടുത്തണമെന്ന് ഹരീഷ് സാൽവേ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടു. ഹൈക്കോടതിയിലും ചിത്രത്തിന്റെ നിർമാതാക്കൾ ഇതേ നിലപാട് സ്വീകരിക്കുമെന്നാണ് സൂചന. ദ കേരള സ്റ്റോറി സിനിമയ്ക്ക് എ സർട്ടിഫിക്കറ്റോടെയാണ് കേന്ദ്ര സെൻസർ ബോർഡ് പ്രദർശനാനുമതി നൽകിയത്. സിനിമയയിൽ പത്ത് മാറ്റങ്ങൾ വരുത്തണമെന്ന് സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ നിർദേശിച്ചിട്ടുണ്ട്.

# പഞ്ചാബിന്റെ കണക്ക് തീർത്ത് മുംബൈ

## മുംബൈക്ക് ആറ് വിക്കറ്റ് വിജയം. ഇഷാൻ കിഷൻ പ്ലെയർ ഓഫ് ദ മാച്ച്




മൊഹാലി: ഹോംഗ്രൗണ്ടിൽ പഞ്ചാബിനോടേറ്റ തോൽവിക്ക് തിരിച്ച് പകരം വീട്ടി മുംബൈ ഇന്ത്യൻസ്. 215 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈ നാല് വിക്കറ്റ് നഷ്ടത്തിൽ ഏഴ് പന്തുകൾ ബാക്കി നിൽക്കെ ലക്ഷ്യം കണ്ടു. കഴിഞ്ഞ മത്സരത്തിൽ മുംബൈ ബാറ്റ്സ്മാൻമാരായ തിലക് വർമയുടേയും നെഹാൽ വധേരയുടേയും മിഡിൽ സ്റ്റംപ് ഒടിച്ച അർഷ്ദീപ് സിംഗിനെ ഇത്തവണ മുംബൈ ബാറ്റ്സ്മാൻമാർ തിരച്ചുപിടിച്ച് ആക്രമിക്കുന്ന കാഴ്ചയാണ് കണ്ടത്. അർഷ്ദീപ് എറിഞ്ഞ 19ാം ഓവറിലെ അഞ്ചാം പന്തിൽ തിലക് വർമയുടെ 102 മീറ്റർ കൂറ്റൻ സിക്സിലൂടെയാണ് തുടർച്ചയായ രണ്ടാം മത്സരത്തിലും 200ലേറെ സ്കോർ പിന്തുടർന്ന് മിംബൈ ജയിക്കുന്നത്. 3.5 ഓവറിൽ 66 റൺസ് വഴങ്ങിയ അർഷ്ദീപിന്റേത് ഐ.പി.എൽ ചരിത്രത്തിൽ ഒരു പഞ്ചാബ് ബൗളറുടെ ഏറ്റവും മോശം ബൗളിങ് പ്രകടനമായിരുന്നു.ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത പഞ്ചാബ് കിംഗ്സിന് തുടക്കത്തിൽ തന്നെ പ്രഭ്സിമ്രാ(9)നെ നഷ്ടമായി. ശിഖർ ധവാ(30)നും മാറ്റ് ഷോർ(27)ട്ടും രണ്ടാം വിക്കറ്റിൽ 49 റൺസ് കൂട്ടിച്ചേർത്തു. ഇരുവരും മടങ്ങിയെങ്കിലും തുടർന്നുവന്ന ലിയാം ലിവിംഗ്സ്റ്റണും ജിതേഷ് ശർമയും കത്തിക്കയറിയപ്പോൾ മുംബൈ ബൗളർമാർക്ക് മറുപടിയുണ്ടായില്ല.

ഇരുവരുടേയും വേർപിരിയാത്ത നാലാം വിക്കറ്റ് കൂട്ടുക്കെട്ടിൽ 119 റൺസാണ് പിറന്നത്. ലിവിംഗ്സ്റ്റൺ 42 പന്തിൽ 82ഉം ജിതേഷ് 27 പന്തിൽ 49 റൺസും നേടി പുറത്താകാതെ നിന്നു. നിശ്ചിത 20 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 214 റൺസാണ് പഞ്ചാബ് നേടിയത്. മുംബൈക്ക് വേണ്ടി പീയുഷ് ചൗള രണ്ട് വിക്കറ്റുകൾ നേടി. മുംബൈയുടെ മറുപടി ബാറ്റിങ്ങിൽ അക്കൗണ്ട് തുറക്കുന്നതിന് മുന്നേ ക്യാപ്റ്റൻ രോഹിത് ശർമ കൂടാരം കയറി. എന്നാൽ ഇഷാൻ കിഷൻ മികച്ച ഫോമിലായിരുന്നു കാമറൂൺ ഗ്രീനിനൊത്ത് കിഷൻ മുംബൈ സ്കോർ പെട്ടെന്നുയർത്തി. 23 റൺസുമായി കാമറൂൺ ഗ്രീൻ മടങ്ങിയെങ്കിലും ക്രീസിലെത്തിയ സൂര്യകുമാർ യാദവ് കിഷന് മികച്ച പിന്തുണ നൽകി. ഇരുവരും മൂന്നാം വിക്കറ്റിൽ 116 റൺസ് ചേർത്തു. കിഷൻ 41 പന്തിൽ 75 റൺസും സൂര്യകുമാർ യാദവ് 31 പന്തിൽ 66 റൺസും നേടി മടങ്ങിയെങ്കിലും തിലക് വർ(26*)മയും ടിം ഡേവി(19*)ഡും മികച്ച രീതിയിൽ ഫിനിഷ് ചെയ്തു. പഞ്ചാബിന് വേണ്ടി നഥാൻ എല്ലിസ് രണ്ട് വിക്കറ്റുകൾ വീഴ്ത്തി. ഇഷാൻ കിഷനാണ് കളിയിലെ താരം.

പഞ്ചാബിനെതിരേ ബാറ്റിങ്ങിനിടെ മുംബൈ താരങ്ങളായ ഇഷാൻ കിഷനും സൂര്യകുമാർ യാദവും

## ആസ്ട്രേലിയയിൽ മത്സ്യബന്ധനത്തിനിടെ കാണാതായ വയോധികന്റെ ശരീരഭാഗങ്ങൾ മുതലകളുടെ വയറ്റിൽ

സിഡ്നി: ആസ്ട്രേലിയയിൽ മത്സ്യബന്ധനത്തിനിടെ കാണാതായ വയോധികന്റെ ശരീരഭാഗങ്ങൾ രണ്ട് മുതലകളുടെ വയറ്റിൽ നിന്ന് കണ്ടെത്തി. ശനിയാഴ്ച മത്സ്യബന്ധനത്തിനു പോയ സംഘത്തിൽ നിന്ന് കാണാതായ കെവിൻ ദർമോദിയ എന്ന 65 കാരന്റെ ശരീരഭാഗങ്ങളാണ് മുതലകളുടെ വയറ്റിൽ നിന്ന് കണ്ടെത്തിയത്.

മുതലകളുടെ ആവാസ കേന്ദ്രമായ കെന്നഡി ബെൻഡിലാണ് കെവിനെ അവസാനമായി കണ്ടത. രണ്ട് ദിവസം നീണ്ടു നിന്ന തെരച്ചിലിനൊടുവിൽ അന്വേഷണം മുതലകളിലേക്കെത്തുകയായിരുന്നു. 14 ഉം 9ഉം അടി വീതം വലിപ്പമുള്ള മുതലകളെ വെടിവെച്ചുകൊന്ന് പരിശോധിക്കുകയായിരുന്നു. ഇവയുടെ വയറ്റിൽ നിന്ന് കണ്ടെത്തിയ ശരീരാവശിഷ്ടങ്ങൾ കെവിന്റെതാണെന്ന നിഗമനത്തിലാണ് പോലിസ്.

## ഡ്രോൺ അയച്ചത് പുടിനെ വധിക്കാനെന്ന് റഷ്യ, ആരോപണം നിഷേധിച്ച് സെലൻസ്കി

കീവ്: ക്രെംലിനിൽ ഡ്രോൺ ആക്രമണം നടത്തിയത് പ്രസിഡന്റ് വ്ലാദിമിർ പുടിനെ വധിക്കാൻ ലക്ഷ്യമിട്ടതാണെന്ന റഷ്യൻ ആരോപണം നിഷേധിച്ച് യുക്രൈൻ പ്രസിഡന്റ് വൊളാഡിമിർ സെലൻസ്കി. പുടിനെയോ ക്രെംലിനോ ആക്രമിച്ചിട്ടില്ലെന്നും യുക്രൈനിലെ നഗരങ്ങളും ഗ്രാമങ്ങളും സംരക്ഷിക്കുക മാത്രമാണ് ചെയ്യുന്നതെന്നും സെലൻസ്കി പറഞ്ഞു. ഡ്രോൺ ആക്രമണത്തിന് പിന്നിൽ റഷ്യ തന്നെയാണെന്നും സെലൻസ്കി പറഞ്ഞു. ആവശ്യമെന്ന് തോന്നുന്ന പക്ഷം എപ്പോൾ വേണമെങ്കിലും തിരിച്ചടി നൽകുമെന്നാണ് റഷ്യയുടെ മുന്നറിയിപ്പ്. ഇന്നലെ രാത്രിയാണ് പുടിന്റെ ഔദ്യോഗിക വസതിക്ക് മുകളിൽ പ്രത്യക്ഷപ്പെട്ട രണ്ട് ഡ്രോണുകൾ റഷ്യ തകർത്തത്.

പുടിനെ വധിക്കാനായിരുന്നു യുക്രൈൻ ശ്രമം എന്നാണ് റഷ്യൻ ആരോപണം. എപ്പോൾ വേണമെങ്കിലും തിരിച്ചടിക്കുമെന്നും റഷ്യ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പ്രസിഡന്റും ഔദ്യോഗികവസതിയായ ക്രെംലിൻ കൊട്ടാരവും പൂർണ സുരക്ഷിതമാണ്. ആസൂത്രിത ഭീകരാക്രമണമാണ് യുക്രൈൻ നടത്തിയതെന്നും റഷ്യ ആരോപിച്ചിരുന്നു. ആക്രമണത്തിന്റേതെന്ന് സൂചിപ്പിക്കുന്ന വീഡിയോയും പ്രചരിക്കുന്നുണ്ട്. 'കഴിഞ്ഞ ദിവസം രാത്രി,



ക്രെംലിൻ കൊട്ടാരത്തിന്റെ പരിസരത്ത് പുക ഉയരുന്നതിന്റെയും ഡ്രോൺ എത്തുന്നതിന്റേയും ദൃശ്യം

കീവ് ക്രെംലിൻ കൊട്ടാരത്തിന് നേരെ ആക്രമണം നടത്താൻ ശ്രമിച്ചു. രണ്ട് ആളില്ലാ വിമാനങ്ങൾ ക്രെംലിൻ ലക്ഷ്യമാക്കി എത്തി. സൈന്യവും പ്രത്യേക സേനകളും സമയബന്ധിതമായി സ്വീകരിച്ച നടപടികളുടെ ഫലമായി വിമാനങ്ങൾ നിഷ്ക്രിയമാക്കി' പുടിന്റെ ഓഫീസ് പറഞ്ഞു. ആളപായമോ ഭൗതിക നാശനഷ്ടങ്ങളോ ഉണ്ടായിട്ടില്ല. യുക്രൈൻ ആക്രമണത്തിൽ റഷ്യൻ പ്രസിഡന്റിന് പരിക്കേറ്റിട്ടില്ല,' പ്രസ്താവന കൂട്ടിച്ചേർത്തു. മോസ്കോയിൽ ഡ്രോൺ വിക്ഷേപണം നിരോധിച്ചു. സർക്കാർ ചുമതലപ്പെടുത്തിയ ഡ്രോണുകളെ മാത്രമേ നിരോധനത്തിൽ നിന്ന് ഒഴിവാക്കുകയുള്ളൂ എന്നും മോസ്കോ മേയർ പറഞ്ഞു. ബുധനാഴ്ച രാത്രി പുടിനെ വധിക്കാൻ ലക്ഷ്യമിട്ട് യുക്രൈൻ ക്രെംലിനിലേക്ക് രണ്ട് ഡ്രോണുകളെ അയച്ചെന്നായിരുന്നു റഷ്യയുടെ ആരോപണം. ക്രെംലിൻ കൊട്ടാരത്തിന്റെ പരിസരത്ത് പുക ഉയരുന്നതിന്റെയും അവിടേക്ക് ഡ്രോൺ എത്തുന്നതിന്റെയും മറ്റും വീഡിയോ റഷ്യൻ സാമൂഹ്യമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

## എ.ഐയുടെ ഗോഡ്ഫാദർ ജെഫ്രി ഹിന്റൺ ഗൂഗിൾ വിട്ടു



ന്യൂഡൽഹി: ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ അപകട സാധ്യതകളെക്കുറിച്ച് സ്വതന്ത്രമായി സംസാരിക്കുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെ ഗോഡ്ഫാദർ ജെഫ്രി ഹിന്റൺ ഗൂഗിൾ വിട്ടു. ഗൂഗിളിലെ മുതിർന്ന ജീവനക്കാരനായ ജെഫ്രി ഹിന്റൺ ട്വിറ്ററിലൂടെയാണ് വിവരം പങ്കുവെച്ചത്. അപകടങ്ങൾ എന്തായിരിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയും. അതിൽ ചിലത് തികച്ചും ഭയാനകമാണെന്നും ഹിന്റൺ പറഞ്ഞു. ഇപ്പോൾ, അവർ നമ്മളെക്കാൾ ബുദ്ധിയുള്ളവരല്ല. എന്നാൽ അവർ ഉടൻ തന്നെ ബുദ്ധിയുള്ളവരാകുമെന്നാണ് കരുതുന്നുവെന്നും ബി.ബി.സിക്ക് നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.'ഇന്നത്തെ ന്യൂയോർക്ക് ടൈംസിൽ കേഡ് മെറ്റ്സ് പറയുന്നത് ഗൂഗിളിനെ വിമർശിക്കുന്നതിന് വേണ്ടിയാണ് ഞാൻ രാജിവെച്ചതെന്നാണ്. എ.ഐയുടെ അപകട സാധ്യതകളെക്കുറിച്ച് സ്വതന്ത്രമായി സംസാരിക്കാൻ വേണ്ടിയാണ് ഗൂഗിൾ വിട്ടത്. ഗൂഗിളിനെ ഇത് എങ്ങനെ ബാധിക്കുന്നുവെന്നത് പരിഗണിച്ചിട്ടില്ല. ഗൂഗിൾ വളരെ ഉത്തരവാദിത്വത്തോടെയാണ് പ്രവർത്തിച്ചത്', ഹിന്റൺ ട്വീറ്റ് ചെയ്തു. എ.ഐ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് ആളുകളെ ബോധവാന്മാരാക്കുന്നതിനായി കമ്പനിയിൽ നിന്ന് ഹിന്റൺ രാജിവച്ചുവെന്നും അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

## ആംകോ ടീ ലോഞ്ച് ചെയ്തു

# ക്വാളിറ്റിയും രുചിയും നിലനിർത്തി വിപണി കീഴടക്കണം: തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ




ആംകോ ടീയുടെ ആദ്യ പ്രൊഡക്ട് പാക്കറ്റ് കിറ്റ് തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എയിൽ നിന്ന് പ്രമുഖ സ്റ്റോക്കിസ്റ്റും താമരശ്ശേരി സ്വദേശിനിയുമായ ഷഹിറ ഷെറിൻ ഏറ്റുവാങ്ങിയപ്പോൾ

കോഴിക്കോട്: ലോത്തിലെ ഒട്ടുമിക്ക ആളുകളും ഇഷ്ടപ്പെടുന്ന പാനീയമാണ് ചായയെന്നും രാജ്യത്ത് ആസാം, നീലഗിരി, മൂന്നാർ, വയനാട് എന്നിവിടങ്ങളിൽ വളരുന്ന ചായയാണ് നമ്മുടേതെന്നും തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ പറഞ്ഞു. ആംകോ ടീയുടെ ലോഞ്ചിങ് കർമം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. നല്ല മഴയും തണുപ്പുമുള്ള പ്രദേശങ്ങളിലാണ് തേയില വളരുന്നത്. തേയില തോട്ടങ്ങളുടെ തുടക്കം ഇംഗ്ലീഷ്ക്കാരിലൂടെയായിരുന്നു. ഏറ്റവും കൂടുതൽ മത്സരം നിലനിൽക്കുന്ന മേഖലയാണിത്. യുവസംരംഭകരുടെ ധൈര്യം മാതൃകാപരമാണ്. നമ്മുടെ തേയില തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തേയില ഉപയോഗിച്ച് മാർക്കറ്റിലിറക്കുന്ന ആംകോ ടീ വിപണി കീഴടക്കട്ടേയെന്ന് അദ്ദേഹം ആശംസിച്ചു. ചായപൊടിയുടെ ടേസ്റ്റും ക്വാളിറ്റിയും പ്രധാനമാണ്. ഏത് വലിയ കമ്പനിയോടും ക്വാളിറ്റി ഉണ്ടായാൽ മത്സരിക്കാൻ സാധിക്കും. യുവജനത കുറുക്കുവഴികളിലൂടെയാണ് പോകുന്നത്. മയക്കുമരുന്നിനും മറ്റും പിന്നാലെ പോയി പെട്ടെന്ന് പണമുണ്ടാക്കാമെന്നത് തെറ്റായ ധാരണകളാണ്. അടിയുറച്ച വിശ്വാസത്തോടെ തങ്ങളേറ്റെടുത്ത പ്രോജക്ട് വിജയിപ്പിക്കാൻ കഠിനാധ്വാനം ചെയ്യണമെന്ന് യുവസംരംഭകരായ ആംകോ ടീ കമ്പനിയുടെ ഡയരക്ടർമാരോട് അദ്ദേഹം നിർദേശിച്ചു.

ജനങ്ങളുടെ പ്രീതി പിടിച്ചു പറ്റുന്ന ഉൽപ്പന്നമായി ആംകോ മാറട്ടേയെന്നദ്ദേഹം ആശംസിച്ചു. ചടങ്ങിൽ ഡയരക്ടർ അനീഷ് ബാബു അധ്യക്ഷത വഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന സെക്രട്ടറി ബാപ്പു ഹാജി, ജില്ലാ ജനറൽ സെക്രട്ടറി ജിജി കെ.തോമസ്, ജില്ലാ ട്രഷറർ വി.സുനിൽകുമാർ എന്നിവർ സംസാരിച്ചു. ഡയരക്ടർ രഞ്ജിത് ഉണ്ണികൃഷ്ണൻ സ്വാഗതവും ഡയരക്ടർ അനൂപ് മാത്യൂ നന്ദിയും പറഞ്ഞു.





ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ് പേപ്പേഴ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോകപത്രദിനാചരണവും സെമിനാറും കൺവെൻഷനും ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന മാധ്യമ പ്രവർത്തകൻ സി.ഒ.ടി അസീസ്

## ലോക പത്ര ദിനാചരണവും കൺവെൻഷനും നടത്തി

കോഴിക്കോട്: അന്താരാഷ്ട്ര പത്രദിനാചരണത്തിന്റെ ഭാഗമായി ഓർഗനൈസേഷൻ ഓഫ് സ്മോൾ ന്യൂസ് പേപ്പേഴ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലോകപത്രദിനാചരണവും സെമിനാറും കൺവെൻഷനും നടത്തി. രജിസ്ട്രാർ ഓഫ് ന്യൂസ് പേപ്പർ ഇന്ത്യയുടെ കരിനിയമങ്ങൾ അവസാനിപ്പിക്കണമെും, പോസ്റ്റൽ കൺസെക്ഷൻ ചാർജ് വർധിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം ഉപേക്ഷിക്കണമെന്നും യോഗം അഭ്യർത്ഥിച്ചു. പ്രസ് ഇൻഫർമേഷൻ ബ്യൂറോ കോഴിക്കോട് അടിയന്തിരമായി പുനഃസ്ഥാപിക്കാൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണമെന്നും കൺവെൻഷൻ ഉന്നയിച്ചു.

ഗാന്ധിഗൃഹം ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പ്രമുഖ മാധ്യമ പ്രവർത്തകൻ സി.ഒ.ടി അസീസ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് രാമദാസ് വേങ്ങേരി അധ്യക്ഷത വഹിച്ചു. ഇളയടത്ത് വേണുഗോപാൽ, ആറ്റക്കോയ പള്ളിക്കണ്ടി, പി.ടി. നിസാർ, ഇ.രാധാകൃഷ്ണൻ, ടി.എം. സത്യജിത്ത് പണിക്കർ, എം.വിനയൻ, സംഗീത് ചേവായൂർ എന്നിവർ സംസാരിച്ചു. തുടർന്ന് മുതിർന്ന മാധ്യമ പ്രവർത്തകരേയും പൊതുപ്രവർത്തകരേയും ചടങ്ങിൽ ആദരിച്ചു.










RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.